LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബി.എഡ്. കോഴ്സിന് സ്വാശ്രയ കോളേജുകളിൽ സർക്കാർ കാട്ടയിൽ പ്രവേശനം നേടി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 29,000 രൂപ നിരക്കിൽ ട്യൂഷൻ ഫീസും യഥാർത്ഥ പരീക്ഷാഫീസും, സ്പെഷ്യൽ ഫീസും അനുവദിച്ച് നൽകുന്നു. ടി ആനുകൂല്യത്തിന് പുറമേ വാർഷിക ലംപ്സംഗ്രാന്റ് 865 രൂപയും സ്റ്റൈപ്പന്റായി 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 405 രൂപയും 8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് 475 രൂപയും അനുവദിക്കുന്നുണ്ട്.

(ബി) പ്രവേശനം നൽകാറുണ്ട്.

(സി&ഡി) നിലവിലുള്ള നിയമപ്രകാരം സ്വാശ്രയ കോഴ്സുകൾക്ക് മെറിറ്റിലും 10% റിസർവേഷനിലും പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ട്. സ്പോട്ട് അഡ്മിഷൻ മുഖേന പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ വിഭാഗത്തിൽ പ്രവേശനം ലഭിച്ചാൽ അവർക്ക് ആനുകൂല്യത്തിന് അർഹതയുണ്ട്. മാനേജ്മെന്റ് കാട്ടയിൽ അഡ്മിഷൻ നേടുന്ന സ്വാശ്രയ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭ്യമല്ല. ഇതിൽ സ്പഷ്ടീകരണം ഇപ്പോൾ ആവശ്യമില്ല.

ചേർത്തല വി.വി. ഗ്രാമം ഐ.ടി.സി.-യിലെ പിന്നോക്കക്കാർക്കായുള്ള കോഴ്സ്

132 (4189) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ വി.വി. ഗ്രാമം ഐ.ടി.സി. യിൽ നിലവിലുണ്ടായിരുന്ന കയർ ഡിപ്ലോമ കോഴ്സിനു പകരം പുതിയ തൊഴിൽ മേഖലയിൽ പിന്നോക്ക സമുദായത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുംവിധം പുതിയ കോഴ്സുകൾ അനുവദിച്ചു നൽകുമെന്ന് ഉറപ്പു നൽകിയിരുന്നുവെങ്കിലും ഈ സ്ഥാപനത്തിലെ ജീവനക്കാരെയടക്കം സ്ഥലം മാറ്റിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സ്ഥാപനത്തിൽ പുതിയ ട്രേഡുകൾ അനുവദിച്ചും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചും വി.വി. ഗ്രാമം ഉൽപ്പാദന പരിശീലന കേന്ദ്രത്തെ പുനരുജ്ജീവിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വി.വി. ഗ്രാമം ഉൽപ്പാദന പരിശീലന കേന്ദ്രത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് പകരം ഇവിടെയുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഇലക്ട്രീഷ്യൻ ട്രേഡോടുകൂടി ഒരു ഐ.ടി.സി. ആരംഭിക്കുന്നതിനുള്ള സാധ്യത പട്ടികജാതി വികസന വകുപ്പിൽ പരിശോധിച്ചുവരികയാണ്.